**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3227** **15-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലം തിട്ടപ്പെടുത്തുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | റവന്യൂ വകുപ്പിന്റെ സഹായത്തോടെ നിലവിലുള്ള റവന്യൂ രേഖകൾ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പുറമ്പോക്ക് ഭൂമിയുടെ അതിരുകൾ താലൂക്ക് സർവേയർമാരുടെ സഹായത്തോട്ടുകൂടി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് സംരക്ഷിച്ച് വരുന്നു.<br><br>പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലങ്ങൾ ഭാഗികമായി മാത്രമേ അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളൂ. ഇവ പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തുന്നത് ശ്രമകരമായ ജോലിയാണ്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ മാത്രമേ പൂർണ്ണതോതിൽ റോഡ് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. താലൂക്ക് സർവ്വേയറുടെ സേവനം കൃത്യസമയത്ത് ലഭ്യമാവുകയാണെങ്കിൽ പുറമ്പോക്ക് സ്ഥലങ്ങൾ പൂർണ്ണമായും തിട്ടപ്പെടുത്താവുന്നതാണ്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് തിട്ടപ്പെടുത്താൻ കഴിയാത്തത് എന്ന് അറിയിക്കാമോ; | (ബി) | റവന്യൂ വകുപ്പിന്റെ സഹായത്തോടെ നിലവിലുള്ള റവന്യൂ രേഖകൾ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പുറമ്പോക്ക് ഭൂമിയുടെ അതിരുകൾ താലൂക്ക് സർവേയർമാരുടെ സഹായത്തോട്ടുകൂടി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് സംരക്ഷിച്ച് വരുന്നു.<br><br>പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലങ്ങൾ ഭാഗികമായി മാത്രമേ അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളൂ. ഇവ പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തുന്നത് ശ്രമകരമായ ജോലിയാണ്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ മാത്രമേ പൂർണ്ണതോതിൽ റോഡ് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. താലൂക്ക് സർവ്വേയറുടെ സേവനം കൃത്യസമയത്ത് |

| | | | |
|---|---|---|---|
| | | | ലഭ്യമാവുകയാണെങ്കിൽ പുറമ്പോക്ക് സ്ഥലങ്ങൾ പൂർണ്ണമായും തിട്ടപ്പെടുത്താവുന്നതാണ്. |
| (സി) | പുറമ്പോക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുമ്പോൾ ചെറുകിട വഴിയോര കച്ചവടക്കാരുടെ വിഷയങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ; | (സി) | പുനരധിവാസത്തിന് തുക വകയിരുത്തുന്ന റോഡ് നവീകരണ പ്രവൃത്തികളിൽ ധനസഹായം നല്കുവാൻ നടപടി സ്വീകരിക്കാറുണ്ട്. |
| (ഡി) | പിറവം നിയോജക മണ്ഡലത്തിൽ റോഡ് പുറമ്പോക്ക് സ്ഥലങ്ങൾ എവിടെയെല്ലാമാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | **കെ.എസ്.ടി.പി.**<br><br>ആരക്കുന്നം - ആമ്പല്ലൂർ റോഡിലെ പുറമ്പോക്ക് സ്ഥലങ്ങൾ എവിടെയെല്ലാമാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തെ പ്രവൃത്തിയായ കുമരകം - നെടുമ്പാശ്ശേരി റോഡിൽ 3കി.മീ ദൂരത്തിൽ പുറമ്പോക്ക് സ്ഥലങ്ങൾ തിട്ടപ്പെടുത്തുകയും ബാക്കിയുള്ളവയുടെ ജോലി പുരോഗമിക്കുകയും ചെയ്യുന്നു.<br><br>**നിരത്ത് വിഭാഗം**<br><br>പിറവം നിയോജകമണ്ഡലത്തിൽ പിറവം ടൗണിൽ നിലവിൽ 28 കയ്യേറ്റക്കാരുടെ പട്ടിക റവന്യൂ വകുപ്പ് അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ